**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4748** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ 2022-23 ലെ ബജറ്റിൽ ഉൾപ്പെടുത്തിയ പുഴക്കാട്ടിരി പഞ്ചായത്തിലെ ചെറുപുഴക്ക് കുറുകെ രാമപുരം -38 പുഴക്കാട്ടിരി പുത്തനങ്ങാടി ചെറുകര പി.ഡബ്ല്യൂഡി റോഡിൽ ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട മണ്ഡലത്തിൽ 2022-23 ലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് 03/08/2022-ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി മീറ്റിംഗിൽ പരിശോധിക്കുകയും മേൽപ്രവൃത്തിയിൽ ചില മാറ്റങ്ങൾ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമായ മാറ്റങ്ങൾ വരുത്തിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മങ്കട മണ്ഡലത്തിൽ 2022-23 ലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ഉടുമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് 03/08/2022-ന് ചേർന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി മീറ്റിംഗിൽ പരിശോധിക്കുകയും മേൽപ്രവൃത്തിയിൽ ചില മാറ്റങ്ങൾ വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആവശ്യമായ മാറ്റങ്ങൾ വരുത്തിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ